**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1488** **14-03-2022 - ൽ മറുപടിയ്ക്ക്**

**ക്രിമിനൽ ജുഡീഷ്യൽ പരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പ് ജീവനക്കാർക്ക് എല്ലാ വർഷവും നടത്തിയിരുന്ന ക്രിമിനൽ ജുഡീഷ്യൽ പരീക്ഷ ഓരോ വർഷവും നടത്തേണ്ടതില്ലെന്ന് വകുപ്പുതലത്തിൽ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത പരീക്ഷയുടെ റിസൽട്ട് പ്രസിദ്ധീകരിക്കുന്നതിന് ഏതാനും ദിവസം മുൻപ് ഡി.പി.സി. ചേർന്ന് പുതിയ പ്രമോഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ഇടയായ സാഹചര്യം വിശദീകരിക്കാമോ; | (ബി) | ഡി.പി.സി. ചട്ടങ്ങൾ പ്രകാരം അതത് വർഷങ്ങളിലെ ഒഴിവുകളിലേക്ക് മുൻ വർഷം ഡിസംബർ 31-ാം തീയതിക്കു മുൻപാണ് ഡി.പി.സി. യോഗം ചേരേണ്ടത്. ഒ.എ.28/20 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 31/08/2021 ലെ ഉത്തരവ് പ്രകാരം 2019, 2020, 2021 എന്നീ വർഷങ്ങളിലെ സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്യുവാൻ ഉത്തരവാകുകയും പ്രസ്തുത വിധി ബഹു. ഹൈക്കോടതി 23/12/21 ന് സ്റ്റേ ചെയ്യുകയും ചെയ്തു. അതിനെ തുടർന്ന് 31/01/2022 തീയതിയിൽ ഡി.പി.സി. (ലോവർ) യോഗം ചേരുകയുമുണ്ടായി. ക്രിമിനൽ ജുഡീഷ്യറി പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്ന തീയതി മുൻകൂട്ടി അറിയാൻ സാധിച്ചിട്ടില്ല. |
| (സി) | ടെസ്റ്റ് പാസ്സായി നിൽക്കുന്ന റവന്യൂ വകുപ്പിലെ ജൂനിയർമാരെ സഹായിക്കാൻ വേണ്ടിയാണ് ഇത്തരത്തിൽ അകാരണമായ കാലതാമസം വരുത്തിയത് എന്ന തരത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; അതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ? | (സി) | പരാതികൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ